PAN/11965/2021-E1(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ, നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം – 695003**
directorofpanchayatsestt@gmail.com
**0471-2321054** **തീയതി : 26/08/2022**

## നോട്ടീസ്

വിഷയം: പഞ്ചായത്ത് വകുപ്പ് –ജീവനക്കാര്യം–ഓൺലൈൻ പൊതുസ്ഥലമാറ്റം 2022– സംസ്ഥാനതല സ്ഥലംമാറ്റത്തിനുള്ള അപേക്ഷകരുടെ ക്യൂ ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നത്–സംബന്ധിച്ച്

സൂചന:
1. സ.ഉ (പി) നം 3/2017/P&ARD തീയതി 25/02/2017
2. സ.ഉ (കൈ) നം 125/2022/LSGD തീയതി 16/06/2022
3. സ.ഉ (കൈ) നം 130/2022/LSGD തീയതി 22/06/2022.
4. പഞ്ചായത്ത് ഡയറക്ടറുടെ 25/06/2022, 01/07/2022 , 19/07/2022 , 13/08/2022 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ
5. ഈ കാര്യാലയത്തിലെ 05/08/2022 ലെ ഇതേ നമ്പർ നോട്ടീസ്
6. പഞ്ചായത്ത് ഡയറക്ടറുടെ 13/08/2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെയും ഈ കാര്യാലയത്തിൽ നിന്നും പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ വിവിധ തസ്തികകളിലേക്ക് 2022 ലെ പൊതുസ്ഥലമാറ്റത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിൻ പ്രകാരം ജീവനക്കാർ ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് സാധുവായ അപേക്ഷകൾ അംഗീകരിക്കുകയും, അംഗീകരിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല സ്ഥലംമാറ്റത്തിനായുള്ള അപേക്ഷകരുടെ കരട് ക്യൂലിസ്റ്റ് സൂചന (5) പ്രകാരം പ്രസിദ്ധീകരിച്ച് ജീവനക്കാരിൽ നിന്നും ആക്ഷേപങ്ങൾ ക്ഷണിച്ചിരുന്നു.

നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തീയാകാതെ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ച ജീവനക്കാർക്ക് ആവശ്യമെങ്കിൽ സ്ഥലംമാറ്റ അപേക്ഷ പിൻവലിക്കുന്നതിന് സൂചന (6) പ്രകാരം അനുമതി നൽകിയിരുന്നു.

ഓൺലൈനായി ജീവനക്കാർ സമർപ്പിച്ച ആക്ഷേപങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും സ്ഥലംമാറ്റ അപേക്ഷ പിൻവലിച്ച ജീവനക്കാരെ ഒഴിവാക്കിയും സൂചന(5) പ്രകാരം പ്രസിദ്ധീകരിച്ച സംസ്ഥാനതല സ്ഥലംമാറ്റത്തിനായുള്ള ജനറൽ ക്യൂ ലിസ്റ്റ്, അനുകമ്പാർഹതയുള്ളവർ, വിരമിക്കുന്നതിന് 2 വർഷം മാത്രം അവശേഷിക്കുന്നവർ, പ്രത്യേക മുൻഗണന/പരിരക്ഷിക്കപ്പെട്ടിട്ടുള്ളവർ എന്നിവർക്കായുള്ള കരട് ക്യൂ ലിസ്റ്റ് പുനക്രമീകരിച്ച് അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നു. സാധുവായ അപേക്ഷ നൽകിയിട്ടുള്ളവരുടെയും ഒരേ ഓഫീസിൽ മൂന്ന് വർഷം പൂർത്തിയായവരുടെയും പട്ടികയും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

അന്തിമ ക്യൂ ലിസ്റ്റുകൾ https://generaltransfer.lsgkerala.gov.in എന്ന വെബ് സൈറ്റിൽ ജീവനക്കാരുടെ ലോഗിനിലും https://dop.lsgkerala.gov.in എന്ന വെബ് സൈറ്റിലും ലഭ്യമാണ്

H. DINESHAN IAS
DIRECTOR OF PANCHAYATH

എല്ലാ ജീവനക്കാർക്കും (ഓഫീസ് മേലധികാരി മുഖാന്തിരം)

പകർപ്പ്:-

1.എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2.എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
3. എല്ലാ ജില്ല പഞ്ചായത്ത് സെക്രട്ടറിമാർക്കും
4.എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും